LIBRARY ARCHIVES Kerala Legislative Assembly

പശ്ചാത്തലത്തിൽ ഉൽപ്പാദകർക്ക് യഥാസമയം തൈകൾ എത്തിക്കാൻ കഴിയാതെ പോയതിനാലാണ് ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടത്. എത്രയുംവേഗം ഫലവൃക്ഷത്തൈകൾ വിതരണത്തിന് എത്തിക്കാമെന്ന് ഉൽപ്പാദകർ അറിയിച്ചിട്ടുണ്ട്. 2021 ഓഗസ്റ്റ് 7-ാം തീയതിക്കുള്ളിൽ ബാക്കിയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യാനാകും.

(സി) ഈ കൃഷിഭവനിൽ വളം, വിത്തുകൾ, തൈകൾ എന്നിവ ജനകീയാസൂത്രണത്തിന്റെ ഭാഗമായി അപേക്ഷിച്ചവർക്ക് യഥാമസയം അവ വിതരണം ചെയ്യുന്നില്ലായെന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ; ആയത് യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

2020-21 ജനകീയാസൂത്രണത്തിന്റെ വിവിധ പദ്ധതികളിലായി അപേക്ഷ സമർപ്പിക്കുകയും ഗുണഭോക്തൃവിഹിതം അടയ്ക്കുകയും ചെയ്ത മുഴുവൻ പേർക്കും വിത്തുകളും തൈകളും വിതരണം ചെയ്തിട്ടുണ്ട്. 2021 ആഗസ്റ്റ് 7-നുള്ളിൽ തെങ്ങിൻ തൈകളുടെ വിതരണം പൂർത്തിയാക്കാനാകും. 41 കർഷകർക്കുള്ള തെങ്ങു വളം കൃഷി ഭവനിൽനിന്നും വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) കൃഷി ഓഫീസറും ജീവനക്കാരും കൃത്യസമയത്ത് ഓഫീസിൽ ഹാജരാകാത്തതും കൃഷിക്കാർ ഇവരെക്കാത്ത് മണിക്കൂറുകൾ കാത്ത് നിൽക്കേണ്ട അവസ്ഥയ്ക്കും പരിഹാരം കണ്ടെത്തുമോ?

കൃഷി ഭവൻ ജീവനക്കാർ എല്ലാ പ്രവൃത്തിദിവസങ്ങളിലും 10 മണിക്ക് മുമ്പുതന്നെ ഓഫീസിൽ എത്താറുണ്ട്. 5 മണിക്കുശേഷവും ജീവനക്കാർ ഓഫീസിൽ ഉണ്ടാകാറുണ്ട്. ആഴ്ച ചന്തയുള്ള ദിവസങ്ങളിൽ രാവിലെ 8.30 മണി മുതൽ ഓഫീസ് തുറന്ന് പ്രവർത്തിക്കാറുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ പൊതുഅവധി ദിവസങ്ങളിലും ഓഫീസ് തുറന്ന് പ്രവർത്തിക്കാറുണ്ട്. ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനയ്ക്കായി പോകേണ്ടി വരുമ്പോൾ കർഷകർക്ക് കൃഷി ഭവനിൽ കാത്തുനിൽക്കേണ്ട അവസ്ഥ ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. ഭാവിയിൽ ഇത്തരം സന്ദർഭങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാർഷികമേഖലയിൽ അധിക തൊഴിലവസരങ്ങൾ**

81(2801) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികമേഖലയിൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കൃഷിഭവനുകൾ മുഖേന ഏതെങ്കിലും തരത്തിലുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കൃഷി ഭവനകളിൽനിന്നും ശേഖരിച്ച റിപ്പോർട്ട് പ്രകാരമാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജൈവഗൃഹം പദ്ധതി മുഖേന കുറഞ്ഞത് 14,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്ന വിവരം ലഭ്യമായത്.

**പൈനാപ്പിൾ കർഷകർക്കുള്ള സഹായം**

82(2802) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെയും തൊഴിലാളികളെയും സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ 2021-22-ലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് 26,250 രൂപ നിരക്കിൽ പൈനാപ്പിളിന്റെ വിള വിസ്തൃതി വ്യാപനം 300 ഹെക്ടറിൽ നടപ്പിലാക്കാനായി 78.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്ത് വരെ പൈനാപ്പിൾ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നതാണ്. പൈനാപ്പിളിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലൂടെ സാമ്പത്തിക സഹായം അനുവദിക്കുന്നു. പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 11.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു. ഇവ പൈനാപ്പിളിന്റെ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും ഉപയോഗിക്കാവുന്നതാണ്. പൈനാപ്പിൾ സംഭരിക്കുന്നതിന് പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഗുണനിലവാരത്തിന് കോട്ടം തട്ടാത്ത രീതിയിൽ പൈനാപ്പിൾ ദൂരസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് 4 മുതൽ 9 മെട്രിക് ടൺ സംഭരണ ശേഷിയുള്ള 26 ലക്ഷം രൂപ ചെലവ് വരുന്ന റീഫർ വാനിന് സമതല പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 35 ശതമാനവും മലയോര പ്രദേശങ്ങളിൽ 50 ശതമാനവും വായ്പാബന്ധിത ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. ആയതുപ്രകാരം പൈനാപ്പിളിന് കിലോയ്ക്ക് 15 രൂപ അടിസ്ഥാന വിലയായി പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly